# ആസ്ഥാന കാര്യാലയം ജയിൽ വകുപ്പ്, കേരളം
# ,പൂജപ്പുര, തിരുവനന്തപുരം-12

## നടപടികൾ

വിഷയം : ജയിലുകൾ-ജീവനക്കാര്യം- ജീവനക്കാർക്ക് അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ് I തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 1) ഈ ആഫീസിലെ 04/11/2024 ലെ E3-27219/2024/PrHQ നമ്പർ ഉത്തരവ്
2) 30.11.2024 തിയ്യതിയിലെ എറണാകുളം ജില്ലാ ജയിൽ സൂപ്രണ്ടിന്റെ E1 -1421/2024/DJE നമ്പർ കത്ത്

**ഉത്തരവ് നമ്പർ. E6-13452/2024/PrHQ; തീയതി : 11-12-2024**

കണ്ണൂർ സെൻട്രൽ ജയിലിലെ അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ് I ശ്രീ രാമചന്ദ്രൻ.കെ , 31/05/2025 ന് സർവീസിൽ നിന്നും വിരമിക്കലിന് മുന്നോടിയായി 03/12/2024 മുതൽ 31/05/2025 വരെ 180 ദിവസത്തേക്ക് LPR എടുത്തതിനാലും, എറണാകുളം ജില്ലാ ജയിലിലെ ശ്രീ സജീഷ് പി എൻ 30.11.2024 ന് സർവീസിൽ നിന്നും വിരമിച്ചതിനാലും അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ് I തസ്തികയുടെ പ്രൊമോഷൻ ക്വോട്ടയിൽ 2 ഒഴിവുകൾ ഉണ്ടായിട്ടുണ്ട്.

അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലെ നിലവിലെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രകാരം സീനിയറായിട്ടുള്ളത് ശ്രീ. വിൻസെന്റ്. കെ.സിയാണ്. എന്നാൽ ശ്രീ. വിൻസെന്റ്.കെ.സിക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിരുന്നതിൽ ടി അച്ചടക്ക നടപടി ഈ ആഫീസിൽ നിന്നുള്ള 16/10/2024 ലെ E2-1387/2023/PrHQ നമ്പർ ഉത്തരവിലൂടെ ടിയാന് അടുത്ത് ലഭിക്കുവാനിടയുള്ള വാർഷിക വേതന വർദ്ധനവ് ആവർത്തന സ്വഭാവരഹിതമായി തടഞ്ഞുകൊണ്ട് തീർപ്പ് കൽപ്പിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. ആയതിനാൽ ടിയാൾക്ക് നിലവിൽ സ്ഥാനക്കയറ്റം നൽകുവാൻ കഴിയില്ല. അടുത്തതായി സ്ഥാനക്കയറ്റം നേടേണ്ടത് എറണാകുളം ജില്ലാ ജയിലിലെ ശ്രീ.ഏലിയാസ് വർഗ്ഗീസ് , കോട്ടയം ജില്ലാ ജയിലിലെ ശ്രീ. രാജേഷ്. എ.സി എന്നിവരാണ്.

മേൽ സാഹചര്യത്തിൽ താഴെ പറയുന്ന ഉദ്യോഗസ്ഥരെ ചുവടെ ചേർക്കുന്ന രീതിയിൽ അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ് I തസ്തികയിൽ (43400 -91200 /-രൂപ ശമ്പള സ്കെയിലിൽ ) സ്ഥാനക്കയറ്റം നൽകി നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര് | നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനം | സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന സ്ഥാപനം |
|---|---|---|---|
| 1 | ശ്രീ.ഏലിയാസ് വർഗ്ഗീസ് | ജില്ലാ ജയിൽ, എറണാകുളം | സെൻട്രൽ പ്രിസൺ, കണ്ണൂർ |
| 2 | ശ്രീ. രാജേഷ്. എ.സി | ജില്ലാ ജയിൽ, കോട്ടയം | ജില്ലാ ജയിൽ, തിരുവനന്തപുരം |

ഉത്തരവ് അടിയന്തിരമായി നടപ്പിലാക്കി വിവരം അറിയിക്കേണ്ടതാണ്.

ബൽറാം കുമാർ ഉപാദ്ധ്യായ ഐപിഎസ്
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: 1) സൂപ്രണ്ട്
സെൻട്രൽ പ്രിസൺ , കണ്ണൂർ
2) ജില്ലാ ജയിൽ, എറണാകുളം/കോട്ടയം/തിരുവനന്തപുരം
3) ശ്രീ.ഏലിയാസ് വർഗ്ഗീസ് (സൂപ്രണ്ട് മുഖാന്തിരം )
4) ശ്രീ. രാജേഷ്. എ.സി (സൂപ്രണ്ട് മുഖാന്തിരം )

പകർപ്പ് : ജയിൽ ഡിഐജി ഉത്തര/മദ്ധ്യ/ദക്ഷിണ മേഖലകൾ,സീനിയർ എ ഒ, പിഎ ടു ഡിജിപി,സൂപ്രണ്ട്(എസ്റ്റാ),സി എ ടു ഡിജിപി ,പ്രിസൺസ് വെബ് സൈറ്റ്,TC 3,ഫയൽ,കരുതൽ ഫയൽ

E6-13452/2024/PrHQ

9ac9a9